കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു സർവ്വേ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) 134.724 കോടി രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ലോകബാങ്കിന് സമർപ്പിക്കുന്നതിന് പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. 1985 ജനുവരിയിൽ ഇൻഡ്യാ ഗവൺമെൻറിനു നൽകി. 1985 മെയ് മാസത്തിൽ ലോകബാങ്ക് ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തുകയും ചെയ്തു. പദ്ധതിക്കു നുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താനുള്ള പ്രാഥമിക സർവ്വേ എറണാകുളം, കോട്ടയം ആലപ്പുഴ, തൃശൂർ, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ പൂർത്തിയാക്കി.

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും എതിർപ്പുകളുള്ളതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ, എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ലോക ബാങ്കിൻെറ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

(എച്ച്) പദ്ധതി പൂർത്തിയാകുമ്പോൾ പ്രതിവർഷം ഉദ്ദേശം 82 കോടി രൂപയുടെ മത്സ്യോൽപ്പാദനം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

തടിയറപ്പുമില്ലുകൾ അനുവദിക്കുന്നതിൻെറ മാനദണ്ഡം

* 199 [246] ശ്രീ. എം.വി. രാഘവൻ:
,, കെ. മൂസ്സക്കുട്ടി:
,, കോടിയേരി ബാലകൃഷ്ണൻ:
,, സി.പി. മുസ്സാൻകുട്ടി:
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടിയറപ്പുമില്ലുകൾ അനുവദിക്കുന്നതിന് ഗവൺമെൻറ് എന്തെങ്കിലും പ്രത്യേക മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(സി) വനത്തിനു സമീപം തടി അറപ്പുമില്ലുകൾ അനുവദിച്ചു കൊടുത്തിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്നു വ്യക്തമാക്കുമോ;

(ഡി) വനത്തിന് വളരെ അടുത്തു പ്രവർത്തിക്കുന്ന മില്ലുകൾ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിന് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടിയെടുത്തു;

(ഇ) വയനാട് തുടങ്ങിയ പ്രദേശങ്ങളിൽ വനം കൊള്ള നടത്തുവാൻ സഹായകരമായ രീതിയിൽ പ്രവർത്തിക്കുന്ന മില്ലുകൾ മാറ്റി സ്ഥാപിക്കാൻ സത്വരനടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വനംവകുപ്പു മന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ):

(എ) ഉണ്ട്.

(ബി) 18-6-1982-ലെ സർക്കാർ ഉത്തരവു പ്രകാരം, വനത്തിനു സമീപം 5 കിലോമീറ്റർ ചുറ്റളവിൽ തടിയറുപ്പുമില്ലുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വനപ്രദേശത്തിന് 10 കിലോമീറ്റർ ചുറ്റളവിൽ തടി അറപ്പുമില്ലുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്നതിന് മുമ്പായി വ്യവസായവകുപ്പ് ബന്ധപ്പെട്ട ഡി.എഫ്.ഒ.യുമായി ആലോചിക്കേണ്ടതും മിൽ സ്ഥാപിക്കുന്നതിനെതിരായി ഡി.എഫ്.ഒ. അഭിപ്രായപ്പെടുകയാണെങ്കിൽ അനുവാദം നൽകാൻ പാടില്ലാത്തതുമാകുന്നു. ഇതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് വ്യവസായവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരാണ്.

(സി) മുൻ ചോദ്യത്തിന്റെ മറുപടിയിൽ പറഞ്ഞിരിക്കുന്ന നിയന്ത്രണങ്ങൾ വന്നശേഷം വനത്തിനു സമീപം ഇത്തരം മില്ലുകൾ അനുവദിക്കുന്നതായി അറിവില്ല. എന്നാൽ താഴെ പറയുന്ന സ്ഥലങ്ങളിൽ അറപ്പുമില്ലുകൾ ഉണ്ട്.

1. കോഴിക്കോട് സർക്കിൾ

കോഴിക്കോട് ഡിവിഷനിൽ ബത്തേരി റേഞ്ചിൽ ബത്തേരി ടൗണിനടുത്ത് 3 എണ്ണവും അതേ ഡിവിഷനിൽ മുളംകാവ്, മുളംകൊട്ടി എന്നീ സ്ഥലങ്ങളിൽ ഓരോന്നും നെൻമാറ ഡിവിഷനിൽ ഒന്നും, നിലമ്പൂർ ഡിവിഷനിൽ നിലമ്പൂർ റേഞ്ചിൽ 26-ഉം, കരുളായി റേഞ്ചിൽ 2-ഉം മില്ലുകൾ വനത്തിനു സമീപം ഉണ്ട്.

2. തൃശൂർ സർക്കിൾ

തൃശൂർ ഡിവിഷനിൽ പട്ടിക്കാട്, പീച്ചി, മച്ചാട്, വടക്കാഞ്ചേരി എന്നിവിടങ്ങളിൽ 17 തടിമില്ലുകൾ പ്രവർത്തിക്കുന്നു.

3. ഹൈറേഞ്ച് സർക്കിൾ, കോട്ടയം

കോട്ടയം ഡിവിഷനിൽപ്പെട്ട വെച്ചൂച്ചിറ, ചുങ്കപ്പാറ, കരിക്കാട്ടൂർ, എരുമേലി, ഇടക്കുന്നം, മുണ്ടക്കയം, ഏലപ്പാറ, കുമിളി, പൊന്തമ്പുഴ തുടങ്ങിയ സ്ഥലങ്ങളിലും മൂന്നാർ ഡിവിഷനിലെ അടിമാലി, കുഞ്ചിത്തണ്ണി എന്നീ സ്ഥലങ്ങളിലും തടി അറപ്പുമില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

4. കൊല്ലം സർക്കിൾ

പുനലൂർ ഡിവിഷനിലെ വനപ്രദേശത്തിനു സമീപം 36 തടിയറുപ്പുമില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. തെൻമല ഡിവിഷനിൽ ഇടമൺ, തെൻമല എന്നിവിടങ്ങളിൽ രണ്ടു മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനിൽ പെട്ട പാലോട്, വിതുര, പാങ്ങോട്, കല്ലാർ, മിതൃമ്മല, കാരോറ്, ചുള്ളിമാനൂർ, നെടുമങ്ങാട് എന്നിവിടങ്ങളിൽ 12 മില്ലുകളും ഇതേ ഡിവിഷനിൽ തന്നെ കുളത്തൂപ്പുഴ റേഞ്ചിൽ കുളത്തൂപ്പുഴയിൽ 2 മില്ലുകളും സ്ഥാപിച്ചിട്ടുണ്ട്.

(ഡി) പരാതി ഒന്നും വനം വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. തടിമില്ലുകൾക്ക് ലൈസൻസ് കൊടുക്കുന്നത് വനം വകുപ്പല്ല. വ്യവസായ വകുപ്പ് രജിസ്ട്രേഷൻ നൽകുന്ന സമയത്ത് വനം വകുപ്പിന്റെ സമ്മതം ആരായാറുണ്ട്.

പട്ടിണി മരണം

* 200 [248] ശ്രീ. കെ. മൂസ്സക്കുട്ടി.
,, സി.പി. മൂസ്സാൻകുട്ടി:
,, പി.വി. കുഞ്ഞിക്കണ്ണൻ:
,, സി.ടി. കൃഷ്ണൻ:
,, ടി.കെ. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ഇടയിൽ വ്യാപകമായ പട്ടിണിമരണങ്ങൾ നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടിണിമൂലം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു ശേഷം എത്രപേർ മരണമടഞ്ഞിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇല്ല.

(ബി) ആരും പട്ടിണി മൂലം മരണമടഞ്ഞിട്ടില്ല.

''നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഇൻ ആയുർവ്വേദ''

* 201 [249] ശ്രീ. എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ''നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഇൻ ആയുർവ്വേദ'' എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിന്റെ നടപടി എത്രത്തോളമായി?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിനുവേണ്ടിയുള്ള വിശദമായ ശുപാർശകൾ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

കാലഹരണപ്പെട്ടതും അപ്രസക്തവുമായ ചട്ടങ്ങളും നടപടിക്രമങ്ങളും മാറ്റുന്നതിനുള്ള നടപടികൾ

* 202 [251] ശ്രീ. വി. കേശവൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly